# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.418

## 28-02-2017 ൽ മറുപടിക്ക്

**കിഫ്ബി വഴി ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി**

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 സാമ്പത്തിക വർഷം കിഫ് ബി വഴി ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; | കിഫ്ബി ഏറ്റെടുത്ത പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള പുരോഗതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) കിഫ് ബി വഴി ഏറ്റെടുത്ത പദ്ധതികൾക്ക് ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളാണ് വായ്പ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ; | കിഫ്ബി ഏറ്റെടുത്ത പദ്ധതികൾക്കായി നാളിതു വരെ വായ്പകൾ ഒന്നും തന്നെ എടുത്തിട്ടില്ല. ബോർഡിന്റെ തനത് ഫണ്ടിന്റെ ലഭ്യതയും പദ്ധതികൾക്ക് വേണ്ടി വരുന്ന ചെലവും വിലയിരുത്തി ആവശ്യത്തിനനുസരിച്ച് മാത്രമാണ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ ലഭ്യമായ ഫണ്ട് അംഗീകാരം നൽകിയ പ്രവർത്തികളുടെ ആദ്യ ഗഡു നൽകുന്നതിന് പര്യാപ്തമാണ്. |
| (സി) ഇപ്രകാരം ധനകാര്യ സ്ഥാപനങ്ങൾ വഴി സമാഹരിച്ച തുക, നൽകേണ്ട പലിശ, തിരിച്ചടവ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | 'ബി' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

| | |
|---|---|
| (ഡി) 2017-2018 സാമ്പത്തിക വർഷം കിഫ് ബി വഴി ഏതെല്ലാം മേഖലയിലാണ് ധനം വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കി വരുന്നത്. ഇവ കൂടാതെ ഭരണ വകുപ്പ് കിഫ്ബി വഴി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയ മറ്റു പദ്ധതികളും നടപ്പിലാക്കുന്നതാണ്. 08.08.2016 ലെ സ.ഉ. (കൈ) 315/2016/ധന ഉത്തരവിൽ ഈ വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബിക്ക് സമർപ്പിച്ച 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ 07/11/2016 ൽ കൂടിയ കിഫ് ബോർഡ് യോഗം അംഗീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ഈ വരുന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെയേ വ്യക്തമാവൂ. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | വകുപ്പ് | പ്രവർത്തന പുരോഗതി |
|---|---|---|
| 1 | ആരോഗ്യ-കുടുംബക്ഷേമം | പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 2 | വനം-വന്യജീവി | പദ്ധതികളുടെ ഗുണഫലങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള സംസ്ഥാന തലത്തിലും, സർക്കിൾ തലത്തിലും പ്രോജക്റ്റ് മോണിറ്ററിംഗ് യൂനിറ്റുകളെ നിയമിച്ചിട്ടുണ്ട്. |
| 3 | ജലവിഭവം | മിക്ക പദ്ധതികൾക്കും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.<br>ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ഏതാനും ചില പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 4 | വിവര സാങ്കേതികം | ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള പ്രോജക്റ്റ് മോണിറ്ററിംഗ് യൂനിറ്റിനെ നിയമിച്ചിട്ടുണ്ട്. |
| 5 | പൊതുമരാമത്ത് | അമ്പലപ്പുഴ-തിരുവല്ല റോഡിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വിവിധ റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ നടന്നു വരികയാണ്.<br>തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ കൈക്കൊള്ളുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഇടക്കാല ഉപദേഷ്ടാവായി നിയമിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. |
| 6 | വ്യവസായം | ഭൂമി ഏറ്റെടുക്കലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**